കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മൂർക്കനാട് ഗ്രാമപഞ്ചായത്ത് - തെരുവ് വിളക്ക് പരിപാലനം - ബിൽ തുക അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 3901/2017/തസ്വഭവ    തിരുവനന്തപുരം, തീയതി, 04.12.2017.

വായന :  പഞ്ചായത്ത് ഡയറക്ടറുടെ 01.11.17 ലെ ജി2-34279/2017 കത്ത്

## ഉത്തരവ്

മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പ്രോജക്ടുകൾക്ക് 10,00,000/- രൂപയും 9,94,500/- രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികളിൽ ഇ-ടെണ്ടർ സംബന്ധിച്ച ഉത്തരവുകൾ ഓഫീസിൽ ലഭ്യമല്ല എന്ന കാരണത്താൽ ഓപ്പൺ ടെണ്ടർ സ്വീകരിക്കുകയുണ്ടായി. സപ്ലൈ ഓർഡർ നൽകി പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിരിക്കുന്നതിനാൽ തുക അനുവദിക്കാതിരുന്നാൽ നിർവഹണ സ്ഥാപനം നിയമ നടപടികളിലേയ്ക്ക് പോയാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകാനിടയുണ്ടെന്നും ആയതിനാൽ ടി പ്രവർത്തിക്കു സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സപ്ലൈ ഓർഡർ നൽകി പ്രവൃത്തി പൂർത്തീകരിച്ച് സമർപ്പിച്ച ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും ടി തുക അനുവദിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ മൂർക്കനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്/സെക്രട്ടറി, മൂർക്കനാട് ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ